**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 553** **21-03-2023 - ൽ മറുപടിയ്ക്ക്**

**വെട്ടിപ്പൊളിക്കുന്ന റോഡുകൾ പൂർവ സ്ഥിതിയിലാക്കാൻ മേൽനോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ഏജൻസികൾ വെട്ടിപ്പൊളിക്കുന്ന റോഡുകൾ അതേ നിലവാരത്തിൽ പൂർവ സ്ഥിതിയിലാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ മേൽനോട്ടത്തിന് നിയമിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ? | (എ) | **സംസ്ഥാനത്തെ വിവിധ ഏജൻസികൾ യൂട്ടിലിറ്റിക്കായി കട്ട് ചെയ്യുന്ന റോഡുകൾ അതേ നിലവാരത്തിൽ പൂർവ്വസ്ഥിതിയിൽ ആക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമായി 14.02.2023-ലെ ജി.ഒ(എം.എസ്)നം.11/2023/പൊ.മ.വ പ്രകാരം പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതോ ആയ റോഡുകളൊഴികെ, വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കൈമാറുന്ന എല്ലാ റോഡുകളും പൂർവ്വസ്ഥിതിയിലാക്കേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. പൈപ്പ് സ്ഥാപിച്ച ശേഷമുള്ള റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി ഗുണനിലവാരം ഉറപ്പാക്കി വാട്ടർ അതോറിറ്റിയുടെയും, പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കേണ്ടത്. കൂടാതെ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നൽകുന്ന ഗുണനിലവാര സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട പൊതുരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാട്ടർ അതോറിറ്റി ബന്ധപ്പെട്ട കരാറുകാരുടെ ബിൽ തുക നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്.<br><br>പൊതുമരാമത്ത് വകുപ്പ് നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതോ പുതിയ പ്രവൃത്തികൾ** |

ക്രമീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതോ ആയ റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിക്കേണ്ട അവസരത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കിക്കൊണ്ട് പൈപ്പിടൽ, താൽക്കാലിക റെസ്റ്റോറേഷൻ എന്നിവ വാട്ടർ അതോറിറ്റി പൂർത്തിയാക്കിയശേഷം റോഡിന്റെ റെസ്റ്റോറേഷൻ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തിയോടൊപ്പം വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്നു.

ടെലികോം, കെ.എസ്.ഇ.ബി കേബിളുകൾ, ഗ്യാസ് പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് റോഡുകൾ കുഴിക്കേണ്ടി വരുന്ന അവസരങ്ങളിലും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും റെസ്റ്റോറേഷൻ തുക ഈടാക്കി പൊതുമരാമത്ത് വകുപ്പ് നേരിട്ട് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾ റെസ്റ്റോറേഷൻ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, സൂപ്പർ വിഷൻ ചാർജ്ജ് എന്നിവ ഈടാക്കി നടപ്പിലാക്കി വരുന്നു.

കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമാണ് നിലവിൽ ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത നിർദ്ദേശ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോർമൻസ് ഗ്യാരന്റിയുമാണ് സ്വീകരിക്കുന്നത്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച് ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ